## 1133

*രീതി: സ്തുതിപ്പിൻ സ്തുതിപ്പിൻ*

പുത്രനിൽ വിശ്വസിക്കുന്നെല്ലാവനും നിത്യജീവനുണ്ട്
പുത്രനിൽ വിശ്വസിക്കുന്നെല്ലാവനും സത്യമാം ദൈവത്തിൻ
വചനം കേൾക്കുവിൻ മർത്യരാം നിങ്ങളെല്ലാവരും ശ്രദ്ധിപ്പിൻ!

1 വിശ്വസിക്കുന്നവൻ പാപത്തിൻശാപത്താൽ അഗ്നിക്കടലിൽ വീണു
നശിച്ചുപോകാതെന്നേക്കും ജീവിപ്പാൻ ദൈവം സ്നേഹിച്ചു
ലോകത്തെ രക്ഷിപ്പതിന്നായ് തൻ പുത്രനെ അയച്ചു
ശിക്ഷിച്ചു പാപത്തെ അവന്റെ ജഡത്തിൽ-

2 മരണനിഴലിൽ കിടക്കും ഭൂമിമേൽ ഒരു വെളിച്ചവുമൊരു
കരയും കണ്ടിടാതുള്ള മാനുഷർ വീണ്ടും ആശ്വസി-
പ്പതിന്നായ് പരമദാതാവു ജീവന്റെ വെളിച്ചം കരുണ-
യാലെയുദിപ്പിച്ചു നമുക്ക്-

3 മരണമേ നിന്നെ പേടിക്കുന്നില്ല ഞാൻ, നിന്നെ ജയിച്ച യേശു
ശരണം എനിക്കു, ഹരണം നിനക്കും അവൻ എനിക്കും
ജീവൻ തരുവാൻ ദൈവത്തിൻ വലഭാഗത്തു
ഭരണം ചെയ്യുന്നു സർവ്വാധികാരിയായ്- V.N.